# പാർട്ടി ഓഫീസിലെ ഉറക്കം

ഷാജി സുകുമാർ
(മെക്കാനിക്കൽ)

വർഷം 1980 അതോ എൺപത്തിയൊന്നോ, നല്ല തിട്ടമില്ല.

കുറ്റിച്ചിറ റോഡിലെ മെൻസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ 311-ാം നമ്പർ മുറിയാണ് രംഗവേദി. ഇതു മുൻകാലത്ത് വനിതാ ഹോസ്റ്റലായിരുന്നു. എന്ന് ചരിത്രം.

ഇലക്ഷൻ കഴിഞ്ഞു. അന്തരീക്ഷം ഉറങ്ങാൻ തുടങ്ങുന്നു. വെടിയൊച്ചകൾക്കൊക്കെ അവധി. എങ്കിലും മത്സരത്തിലുണ്ടായിരുന്ന പാനലുകൾ തമ്മിലുള്ള കുടിപ്പക പുകഞ്ഞുകത്തി നിൽക്കുന്നു. എപ്പോഴും, ഏതു നിമിഷവും പൊട്ടിത്തെറിയ്ക്കാം. ഏതു കാമ്പസിന്റെയും തെരഞ്ഞെടുപ്പ് ബാക്കി പത്രം അങ്ങനെയാണല്ലോ.

വെല്ലുവിളികൾ, കയ്യാങ്കളി, ഇരുട്ടടി-ഇതൊക്കെ വരാനിരിക്കുന്നു, എന്ന് മുൻകൂട്ടി തന്നെ അറിയാം. കൊടുക്കൽവാങ്ങലുകളുടേയും, കണക്കുതീർക്കലുകളുടേയും അവസരം ഇതാണ്. അസ്വസ്ഥതയുടെ വീർപ്പുമുട്ടലുകൾ മെൻസ് ഹോസ്റ്റലിലും വിങ്ങി നിന്നു.

ഞങ്ങളുടെ പാനലിന്റെ പ്രവർത്തകരുടേയും അനുഭാവികളുടേയും അഭയകേന്ദ്രമായിരുന്നു 311-ാം നമ്പർ ഹോസ്റ്റൽമുറി. ശത്രുക്കൾ ഈ മുറിക്കിട്ടിരുന്ന അടയാളപ്പേരാകുന്നു പാർട്ടിയാഫീസ്. എന്നെ കൂടാതെ കെ.എസ്. രാജീവും, റോയ് വർഗ്ഗീസും സഹമുറിയന്മാർ.

നേതാക്കളായതിനാൽ വർഗ്ഗശത്രുക്കൾ ഞങ്ങളെ മൂന്നു പേരേയും അങ്ങനെ ആക്രമിക്കാൻ മുതിരില്ല എന്നാണ് അണികളുടെ വിശ്വാസം. ഹോസ്റ്റലിലാണെങ്കിൽ ഞങ്ങൾക്ക് അംഗബലം നന്നേ കുറവും. ഏങ്കിലും അണികളുടെ സംരക്ഷണം നേതാക്കളുടെ ചുമതലയാണല്ലോ.

കാമ്പസിലുണ്ടാകുന്ന സംഘർഷങ്ങളുടെ പ്രതിധ്വനികൾ വൈകുന്നേരങ്ങളിൽ ഹോസ്റ്റലിലും ഉണ്ടാകും.

അത്തരമൊരു സന്ധ്യയ്ക്ക് അണികളെല്ലാം പാർട്ടീയാഫീസിൽ കൂടിയിരിക്കുന്നു. സംഘടിത ശക്തി കൂടുതലുള്ള എതിർ പാനലുകാരിൽ നിന്ന് ഒരാക്രമണത്തിന്റെ മണം അവർ പിടിച്ചെടുത്തിരുന്നു. ഒത്തുകൂടലിനുള്ള പ്രേരണ അതായിരുന്നു. നേതാക്കളെ എസ്കോർട്ടിൽ നിർത്തി അണികൾ മെസ്സ് ഹാളിലേയ്ക്ക് തിരിക്കുന്നു. തിരികെ ഓരോരുത്തരേയായി സമാധാനിപ്പിച്ച് അവരവരുടെ മുറികളിലേയ്ക്ക്.

രാത്രിയുടെ ഏതോ ഒരു യാമത്തിൽ മുറിയിൽ പെട്ടെന്ന് ഒരു ശബ്ദം കേട്ട് ഞാൻ ഞെട്ടിയുണരുന്നു. രാജീവേ, ഓനാനേ (റോയിയുടെ മാറ്റപ്പേരാണ് ഓനാൻ. രാജീവിന്റേത് പരസ്യമായി എഴുതിയാൽ പുള്ളി പിണങ്ങും) എഴുന്നേൽക്ക്.

തപ്പിച്ചെന്ന് ലൈറ്റിട്ടു. മുറിയിലാകെ പരതി നോക്കി. ആരേയും കാണാനില്ലല്ലോ. അപ്പോഴാണ് ശ്രദ്ധിച്ചത് എന്റെ കട്ടിലിനടിയിൽ നിന്നും ഒരു തല പുറത്തേയ്ക്ക് നീണ്ടു വരുന്നു.

സ്വന്തം മുറി അത്ര സുരക്ഷിത സങ്കേതമല്ലെന്ന് തോന്നിയ ഒരു അനുയായി സുഖമായൊന്നുറങ്ങാൻ കണ്ടെത്തിയ താവളം!!!

ഈ പ്രവർത്തകനിപ്പോൾ NTPC യിലെ ഓഫീസറാണ്. അദ്ദേഹത്തിന്റെ ജീവിതസഖിയും ഠഗങലെ ഞങ്ങളുടെ ഒരു പഴയ അനുയായി തന്നെ. രാജീവ് കായംകുളം ചഠജഋ യിൽ ഓഫീസർ, ഓനാൻ അമേരിക്കയിലെങ്ങോ വലിയ ഉദ്യോഗത്തിൽ.

******